# പ്രളയം കെടുത്തിയത് 1254 കോടിയുടെ സുഗന്ധം

■ കേരളത്തിലെ സുഗന്ധവ്യഞ്ജന മേഖലയുടെ നഷ്ടക്കണക്ക് തയാറാക്കി
■ 58,379 ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചതിൽ 62 ശതമാനവും ഇടുക്കി, വയനാട് ജില്ലകളിൽ

**മനോരമ ലേഖകൻ**

കോഴിക്കോട് ● പ്രളയത്തിൽ കേരളത്തിലെ സുഗന്ധവ്യഞ്ജന മേഖലയിൽ 1254 കോടി രൂപയുടെ നഷ്ടമുണ്ടായതായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ കണ്ടെത്തൽ. പ്രളയശേഷം കൃഷി പഴയ മട്ടിലേക്കു മടങ്ങുന്നതു വരെയുള്ള കാലം കണക്കാക്കിയാൽ നഷ്ടം 4000 കോടി വരും.

കേരളത്തിലാകെ 58,379 ഹെക്ടർ ഭൂമിയിലെ സുഗന്ധവ്യഞ്ജനക്കൃഷികൾ നശിച്ചു. ഇതിൽ 62 ശതമാനവും ഇടുക്കി, വയനാട് ജില്ലകളിൽ നിന്നാണെന്ന് ഐഐഎസ്ആർ ശാസ്ത്രജ്ഞൻ ഡോ. ലിജോ തോമസ് പറഞ്ഞു. പ്രധാന സുഗന്ധവ്യഞ്ജന ഉൽപാദകരെന്ന നിലയിൽ ഈ ജില്ലകളിലാണ് ഏറ്റവുമധികം നഷ്ടമുണ്ടായത്. ജാതിക്കൃഷി കൂടുതലുള്ള പ്രദേശമെന്ന നിലയിൽ എറണാകുളത്തും തൃശൂരും ... മമായ നഷ്ടമുണ്ടായി.

എല്ലാ സുഗന്ധവ്യഞ്ജനങ്ങളുടെയും കണക്കെടുത്താൽ 25,138 ടൺ ഉൽപാദന നഷ്ടമുണ്ടായിട്ടുണ്ടെന്ന് ഐഐഎസ്ആർ ഡയറക്ടർ ഡോ. കെ.നിർമൽ ബാബു പറഞ്ഞു. ഇക്കൂട്ടത്തിൽ കുരുമുളകിനാണ് ഏറ്റവും നഷ്ടമുണ്ടായത്- 10,700 ടൺ.

ഇഞ്ചി ഉൽപാദനത്തിലും 6,600 ടൺ നഷ്ടമുണ്ടായിട്ടുണ്ട്. 194 കോടി രൂപയുടെ വിത്തും തൈകളും വേണ്ടിവരും. പഴയ തോതിൽ കൃഷി ആരംഭിക്കാനെന്നും പഠന റിപ്പോർട്ട് പറയുന്നു.

കുരുമുളക്, ജാതി, ...